**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1331** **08-12-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി മൂലം തകരാറിലാവുന്ന റോഡുകൾ നന്നാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതി പ്രാവർത്തികമാകുമ്പോൾ തകരാറിലാവുന്ന പി.ഡബ്ല്യൂഡി. റോഡുകൾ നന്നാക്കുന്നതിന് ജലവിഭവ വകുപ്പിന്റെയും പൊതുമരാമത്തു വകുപ്പിന്റെയും യോജിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകൾ കുഴിക്കുന്നതും തുടർന്ന് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ജലവിഭവ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ ഏകോപിപ്പിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ DICC മീറ്റിംഗുകളിൽ ഉൾപ്പെടുത്തി പരിഹരിച്ചുവരുന്നു. കൂടാതെ സംസ്ഥാന, ജില്ലാ തലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയബന്ധിതമായി അവലോകന യോഗങ്ങൾ നടത്തുകയും ചെയ്യുന്നു.<br><br>ദേശീയപാത വിഭാഗത്തിന്റെ റോഡുകൾ പ്രസ്തുത ആവശ്യങ്ങൾക്ക് വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH. 33044/2015/S & R(R) തീയതി 22/11/2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് അനുമതി നൽകുന്നത്. |
| (ബി) | ഇരു വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പൊതുനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടിയും റോഡ് വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ഉദ്യോഗസ്ഥന്മാരെ അംഗങ്ങളായി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായ ഒരു സമിതി 07.01.2022 ലെ ജി.ഒ(ആർ.ടി)നം.20/2022/പി.ഡബ്ല്യൂഡി പ്രകാരം രൂപീകൃതമായിട്ടുണ്ട്. പ്രസ്തുത സമിതി കൃത്യമായി അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ 24.02.2022 ലെ ജി.ഒ(ആർ.ടി)നം.8/2022/ പി.ഡബ്ല്യൂഡി പ്രകാരം ടി ആവശ്യങ്ങൾക്കായി റോഡുകൾ വെട്ടിമുറിക്കു ന്നതും റെസ്റ്റോറേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു മാർഗ്ഗരേഖയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ